നഗരൂർ പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

831 [1807] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ പുനരധിവാസ പദ്ധതി പ്രകാരം ദുർബലജനവിഭാഗങ്ങൾക്കുവേണ്ടി എത്രവീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) ദുർബലവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിൽ നിന്നുള്ള അപേക്ഷകരിൽ 15 പേർക്ക് ഒന്നാം ഗഡുവായ 1500 രൂപ വീതം നൽകിയിട്ടുണ്ട്. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി, സി) പുനരധിവാസ ഭവനനിർമ്മാണ പദ്ധതിപ്രകാരം ഈ വർഷം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. പക്ഷേ ദുർബലവിഭാഗങ്ങൾക്കുവേണ്ടി മറ്റൊരു ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പുതിയ പദ്ധതിയിൽ നഗരൂർ പഞ്ചായത്തിൽ എത്ര ഭവനങ്ങൾ നിർമ്മിക്കും എന്നത് ഈ പഞ്ചായത്തിൽ നിന്നും അർഹതയുള്ള എത്ര അപേക്ഷകൾ ലഭിക്കും എന്നതിനെ ആശ്രയിച്ചിരിക്കും.

പുളിമാത്ത് പഞ്ചായത്തിൽ ദുർബലജനവിഭാഗങ്ങൾക്ക് വീടുകൾ

832 [1808] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിൽ പുനരധിവാസ പദ്ധതിപ്രകാരം ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി എത്ര വീടുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ഇനിയും എത്ര വീടുകൾ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദുർബല ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ഭവനങ്ങൾ ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ഉത്തരം

(എ) പുളിമാത്ത് പഞ്ചായത്തിൽ നിന്നുള്ള അപേക്ഷകരിൽ 80 പേർക്ക് ഒന്നാം ഗഡുവായ 1500 രൂപ വീതവും, 70 പേർക്ക് രണ്ടാം ഗഡുവായ 2500 രൂപവീതവും നൽകിക്കഴിഞ്ഞു. വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly